056186

EM 5

10 DEC 2013

കേരള സർക്കാർ

## സംഗ്രഹം

സഹകരണ വകുപ്പ് - കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ ക്ഷേമ ബോർഡിൽ പുതിയതായി ചേരുന്നവർക്ക് കുടിശ്ശിക ഒഴിവാക്കി അംഗത്വം നേടുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സഹകരണ (സി) വകുപ്പ്

സ.ഉ.(സാധാ)നമ്പർ.780/2013/സഹ. തീയതി, തിരുവനന്തപുരം, 05.12.2013.

---

പരാമർശം:- 1) സ.ഉ (സാധാ) നമ്പർ 438/2013/സഹ തീയതി, 06.07.2013.

2) സ.ഉ (സാധാ) നമ്പർ 594/2013/സഹ തീയതി, 12.09.2013.

3) കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ ക്ഷേമ ബോർഡ് ഭരണസമിതിയുടെ 04.09.2013 ലെ 6(xvii)(A) നമ്പർ തീരുമാനം

4) സഹകരണ സംഘം രജിസ്ട്രാർ നൽകിയ 05.11.2013 ലെ ഇ.എം (5) 49111/2013 നമ്പർ കത്ത്.

### ഉത്തരവ്

കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ ക്ഷേമ ബോർഡിൽ സഹകരണ സംഘങ്ങൾ/ബാങ്കുകൾ/സ്ഥാപനങ്ങൾ എന്നിവയിലെ മുഴുവൻ ജീവനക്കാരെയും അംഗങ്ങൾ ആക്കണമെന്ന ലക്ഷ്യം കൈവരിക്കുന്നതിന് കുടിശ്ശിക ഒഴിവാക്കി അംഗത്വം നേടുന്നതിന് 30.09.2013 വരെ സമയം അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2) സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് പൊതുവായും കുടിശ്ശിക ഒടുക്കുവാൻ സാമ്പത്തികശേഷി ഇല്ലാത്ത സംഘങ്ങളിലെ ജീവനക്കാർക്ക് പ്രത്യേകിച്ചും ഗുണകരമാകുമെന്നതിനാലും, ഇതര വകുപ്പുകളുടെ ഭരണനിയന്ത്രണത്തിലുള്ള സഹകരണ സംഘങ്ങളിലെ ജീവനക്കാരിൽ ഇനിയും ടി ബോർഡിൽ അംഗങ്ങളാകാത്ത ജീവനക്കാരെ ബോർഡിൽ അംഗമാക്കണമെന്ന ലക്ഷ്യം കൈവരിക്കുന്നതിനുമായി സഹകരണ സംഘങ്ങളിലെ/ബാങ്കുകളിലെ/സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് കുടിശ്ശിക

ഒഴിവാക്കി അംഗത്വം നൽകുന്നതിനുള്ള സമയപരിധി 01.10.2013 മുതൽ 6 മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം (3) പ്രകാരം കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ ക്ഷേമ ബോർഡ് തീരുമാനം [illegible] സർക്കാരിലേക്ക് അപേക്ഷിക്കുകയുണ്ടായി. ബോർഡ് തീരുമാനം പരിഗണനാർഹമാണെന്ന് പരാമർശം (4) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ ശുപാർശ ചെയ്തിരിക്കുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ ക്ഷേമ ബോർഡിൽ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ/സ്ഥാപനങ്ങൾ എന്നിവയിലെ മുഴുവൻ ജീവനക്കാരെയും അംഗങ്ങൾ ആക്കണമെന്ന ലക്ഷ്യം കൈവരിക്കുന്നതിന് കുടിശ്ശിക ഒഴിവാക്കി അംഗത്വം നേടുന്നതിനുള്ള സമയപരിധി 01.10.2013 മുതൽ 6 മാസത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകി ഇതിനാൽ ഉത്തരവാകുന്നു.

4) ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അംഗത്വം നേടുന്ന ജീവനക്കാർക്ക് അംഗത്വം ലഭിച്ച് 6 മാസം കഴിയുന്ന മുറയ്ക്ക് മാത്രമേ ബോർഡ് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ആനുകൂല്യങ്ങൾക്ക് അർഹത ഉണ്ടായിരിക്കുകയുള്ളൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. വി.എം. ഗോപാല മേനോൻ
ഗവൺമെന്റ് സെക്രട്ടറി

1) സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
(എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും അറിയിപ്പ് നൽകുന്നതിലേയ്ക്കായി)
2) അഡീഷണൽ രജിസ്ട്രാർ/സെക്രട്ടറി ട്രഷർ,
കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡ്,
ഓവർബ്രിഡ്ജ്, തിരുവനന്തപുരം.
3) കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ